Draft #2 of File 74599/AC A3-3/2021/AC A 3 Approved by ASSISTANT REGISTRAR II (ACADEMIC) on 16-Jan-2022 06:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2019 -2020 പ്രവേശനം മുതൽ ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികളുടെ പരീക്ഷ സെമസ്റ്റർ സിസ്റ്റത്തിലേക്ക് മാറിയതിനോടനുബന്ധിച്ച റീ അഡ്മിഷനു വേണ്ടിയുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് പോർട്ടലിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നത് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 527/AC A 3/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.01.2022

---

*പരാമർശം:-*(1) 16/10/ 2019 തീയതിയിലെ സ. ഉ. നം. 4890 / AC A 3 / 2019 / എം.ജി.യു

(2) ബഹു: വൈസ്ചാൻസലറുടെ 12/ 01/ 2022 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2019 -2020 പ്രവേശനം മുതൽ ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് പരീക്ഷകൾ രണ്ടാം സെമസ്റ്റർ റഗുലർ പരീക്ഷക്കൊപ്പം നാലുവാനും 3,4,5,6 പ്രൈവറ്റ് സെമസ്റ്റർ പരീക്ഷകളും ഫലപ്രഖ്യാപനവും റഗുലറിനൊപ്പം സെമസ്റ്റർ രീതിയിൽ നടത്തുന്നതിനും തീരുമാനമായിരുന്നു.

പരീക്ഷകൾ സെമസ്റ്റർ രീതിയിലേക്ക് മാറുന്നതനുസരിച്ച് പ്രസ്തുത വിദ്യാർത്ഥികൾക്ക് റീ അഡ്മിഷൻ അനുവദിക്കുന്നതും സെമസ്റ്റർ രീതിയിലേക്ക് മാറേണ്ടതായിട്ടുണ്ട്. ആയതിന് വേണ്ടി 06/12/2021 തീയതിയിൽ രജിസ്ട്രാറുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

1. യു. ജി പ്രൈവറ്റ് രജിസ്ട്രേഷൻ 2017, 2018 അഡ്മിഷൻ വിദ്യാർഥികൾ ആണെങ്കിൽ Online Certificate Portal ൽ അവർക്ക് റീ അഡ്മിഷൻ നേടേണ്ട വർഷം തിരഞ്ഞെടുക്കുവാനും 2019 അഡ്മിഷൻ മുതൽ റീ അഡ്മിഷൻ നേടേണ്ട സെമസ്റ്റർ തിരഞ്ഞെടുക്കുവാനും Option നൽകാവുന്നതാണ്.

2. 2017, 2018 അഡ്മിഷൻ യു. ജി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് റീ അഡ്മിഷൻ അനുവദിക്കുമ്പോൾ അവർക്ക് വർഷാവസാനം രണ്ടു സെമസ്റ്ററുകളുടെ പരീക്ഷകൾ ഒരുമിച്ച് എഴുതുവാനുള്ള അനുവാദം നൽകാവുന്നതാണ്. ഇതിനായി 2017, 2018 അഡ്മിഷൻ വിദ്യാർത്ഥികളുടെ സപ്പ്ളിമെന്ററി പരീക്ഷ ഇവരുടെ First Appearance ആയി പരിഗണിച്ച് എഴുതിക്കാവുന്നതുമാണ്. റീ അഡ്മിഷൻ മെമ്മോയിൽ ഇക്കാര്യം എടുത്ത് പറയേണ്ടതുണ്ട്.

ടി നിർദേശങ്ങൾ ബഹു: വൈസ് ചാൻസലർ പരാമർശം (2) പ്രകാരം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രെട്ടറിമാർ
2. രജിസ്ട്രാർ /പരീക്ഷ കൺട്രോളറുടെ പി എ മാർ
3. എ ആർ II,III (അക്കാഡമിക് )/ ഡി ആർ II(അക്കാഡമിക് )/ ജെ ആർ II(ഭരണം)
4. എ ആർ IV/എ ആർ X/ഡി ആർ III/ ജെ ആർ III (പരീക്ഷ വിഭാഗം)
5. ഡി ആർ II (പ്രൈവറ്റ് രജിസ്ട്രേഷൻ)
6. ഇ ജി I,II,III,IV,V / ഇ ഇ I,II,III / ഇ എഫ് 1 സെക്ഷനുകൾ
7. എ സി എ IX സെക്ഷൻ / പി ആർ I,II,III,IV,VI സെക്ഷനുകൾ
8. കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ
9. ഐ ക്യൂ എ സി/ സിസ്റ്റം മാനേജർ/ CETEX/ IT Cell
10. കരുതൽ ഫയൽ/ ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 74599/AC A3-3/2021/AC A 3 Approved by ASSISTANT REGISTRAR II (ACADEMIC) on 16-Jan-2022 06:59 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം